**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6561** **11-11-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ കാർഷിക വിളകൾക്കുണ്ടായ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കനത്ത മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും കർഷകർക്കുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കൂട്ടിക്കൽ, മുണ്ടക്കയം, കോരുത്തോട്, പാറത്തോട്, എരുമേലി, പൂഞ്ഞാർ സൗത്ത്, പൂഞ്ഞാർ, തിടനാട്, തിക്കോയി എന്നീ പഞ്ചായത്തുകളിലും ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിയിലും 2021 ഒക്ടോബർ 12 മുതൽ അതിവൃഷ്ടിയെ തുടർന്നുണ്ടായ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം കൃഷിഭൂമിക്കും, കാർഷിക വിളകൾക്കും വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായി. മണ്ഡലത്തിൽ ഏറ്റവും കൂടുതൽ കൃഷിഭൂമി നഷ്ടം കൂട്ടിക്കൽ, പൂഞ്ഞാർ സൗത്ത് എന്നീ പഞ്ചായത്തുകളിലാണ് സംഭവിച്ചത്. കൂട്ടിക്കൽ, പൂഞ്ഞാർ സൗത്ത്, മുണ്ടക്കയം, പാറത്തോട് പഞ്ചായത്തുകളിലാണ് കൂടുതൽ കൃഷിനാശമുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. റബ്ബർ, വാഴ, കുരുമുളക്, ജാതി, ഗ്രാമ്പൂ, തെങ്ങ്, കമുക്, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയ വിളകൾക്കാണ് പ്രധാനമായും കൃഷിനാശം സംഭവിച്ചത്. 12.10.2021 മുതൽ 07.11.2021 വരെയുള്ള കൃഷി വകുപ്പിന്റെ AIMS പോർട്ടലിലെ പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം 5186 കർഷകർക്ക് 1194.28 ഹെ. സ്ഥലത്ത് 35.58 കോടി രൂപയുടെ കൃഷിനഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ 362 കർഷകരുടെ 197.58 ഹെ. കൃഷിഭൂമിക്കും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ മണ്ണിടിച്ചിലുണ്ടായ പ്രദേശങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മഴക്കെടുതിമൂലമുള്ള നാശനഷ്ടങ്ങളിൽ മണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | കർഷകർ കൃഷി വകുപ്പിന്റെ AIMS പോർട്ടലിലൂടെ ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷകൾ യഥാസമയം ഫീൽഡുതല പരിശോധന നടത്തി ക്ലെയിം തയ്യാറാക്കി വരുന്നു. എന്നാൽ 2021 ഒക്ടോബർ മാസം 12 മുതൽ 30 വരെയുള്ള കാലയളവിലെ മഴക്കെടുതി മൂലമുള്ള |

| | | | |
|---|---|---|---|
| | | | വിളനാശത്തിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2021 നവംബർ 15വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (സി) | കർഷകർക്കുണ്ടായ നഷ്ടങ്ങൾ പരിഹരിക്കുന്നതിനും തുടർകൃഷിക്ക് ആവശ്യമായ സാഹചര്യം ഒരുക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (സി) | പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളാണ്, പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടിയും, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും. ഈ രണ്ട് പദ്ധതികളിലൂടെയും കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. കൂടാതെ ദുരന്ത പ്രതികരണ നിധി (SDRF)ൽ നിന്നുള്ള ധനസഹായവും കർഷകർക്ക് ലഭ്യമാക്കുന്നതാണ്. പ്രകൃതിക്ഷോഭം മൂലം വിതച്ച നെല്ല് നശിച്ചു പോയ കർഷകർക്ക് തുടർകൃഷിക്ക് ആവശ്യമായ നെൽവിത്ത് കൃഷി വകുപ്പ് KSSDA ൽ (Kerala State Seed Development Authority) സൂക്ഷിച്ചിട്ടുള്ള കരുതൽ ശേഖരത്തിൽ നിന്നും സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. മറ്റ് നടീൽ വസ്തുക്കൾ ഉൾപ്പെടെയുള്ള ഉത്പാദനോപാധികൾ കൃഷി വകുപ്പിന്റെ പദ്ധതികൾ മുഖേനയും ജനകീയാസൂത്രണ പദ്ധതികൾ മുഖേനയും നൽകുന്നതിന് സാധിക്കും. |
| (ഡി) | മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും കൃഷിയിടങ്ങൾ നശിച്ചുപോയ മണ്ഡലത്തിലെ കർഷകരുടെ കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | മണ്ണിടിച്ചിലുണ്ടായ പ്രദേശങ്ങളും വാർഡുകളും |
|---|---|---|
| 1 | പൂഞ്ഞാർ സൗത്ത് ഗ്രാമ പഞ്ചായത്ത് | കുഴമ്പള്ളി, മന്നം, പാതാമ്പുഴ, അരുവിക്കച്ചാൽ, കൈപ്പള്ളി, കുന്നോന്നി, അടിവാരം, ഈന്തുംപള്ളി |
| 2 | തീക്കോയി ഗ്രാമ പഞ്ചായത്ത് | മംഗളഗിരി, മലമേൽ |
| 3 | പാറത്തോട് ഗ്രാമ പഞ്ചായത്ത് | മണ്ണിടിച്ചിൽ – 1 മുതൽ 19 വരെ വാർഡുകൾ<br>ഉരുൾപൊട്ടൽ – 1, 2, 3, 4, 5, 10, 11, 18, 19 വാർഡുകൾ |
| 4 | കോരുത്തോട് ഗ്രാമ പഞ്ചായത്ത് | 1, 2, 3, 4, 5, 8, 12, 13 വാർഡുകൾ |
| 5 | എരുമേലി ഗ്രാമ പഞ്ചായത്ത് | കേരളപാറ, എഴുകുമൺ, ഏയ്ഞ്ചൽവാലി |
| 6 | കൂട്ടിക്കൽ ഗ്രാമ പഞ്ചായത്ത് | പ്ലാപ്പള്ളി, കാവാലി, ഇളംകാട് ടോപ്പ്, മ്ലാക്കര, ഞരക്കാട്, വല്ല്യേന്ത, കൊടുങ്ങ, മുണ്ടപ്പള്ളി, മേലേത്തടം |
| 7 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | വേലനിലം, ടൗൺ ഈസ്റ്റ്, വട്ടക്കാവ്, വെള്ളനാടി, ഇഞ്ചിയാനി, പുഞ്ചവയൽ, കല്ലേപ്പാലം |